"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിലെ താമസക്കാരനായ ശ്രീ. ഗിരീഷ് കാപ്പുങ്കരക്ക് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1240/2020/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 23/06/2020

---

പരാമർശം:- 1 കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13/03/2020ലെ കത്ത്.

2 27/05/2020ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.13.

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിലെ താമസക്കാരനായ ശ്രീ. ഗിരീഷ് കാപ്പുങ്കര എന്നയാൾ ലൈഫ് ഭവന പദ്ധതി (ഭൂമിയുള്ള ഭവന രഹിതർ)യിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. ഇദ്ദേഹം 2008-09-ൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും ആകെ 63,750/- രൂപ ഭവന നിർമ്മാണത്തിന് കൈപ്പറ്റിയിരുന്നു. (അവസാന ഗഡു 10/09/2009-ൽ). 2013-ൽ ഉണ്ടായ കാലവർഷക്കെടുതിയിൽ ഇദ്ദേഹത്തിന്റെ വീട് പൂർണ്ണമായും തകർന്നു പോകുകയും ഇദ്ദേഹത്തിന് ഇപ്പോൾ സ്വന്തമായി വീടില്ല എന്നതിനാൽ വീട്ടു നൽകുന്നതിന് അനുമതി സംബന്ധിച്ച കുത്താളി ഗ്രാമ പഞ്ചായത്തിന്റെ ആവശ്യം ,കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം ഒന്ന് പ്രകാരം ലഭ്യമാക്കുകയുണ്ടായി .

സർക്കാർ ഈ വിഷയം വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിച്ചു . മേൽ കമ്മിറ്റിയുടെ പരാമർശം രണ്ടു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഗിരീഷ് കാപ്പുങ്കര എന്നയാൾക്കു ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

സെക്രട്ടറി, കുത്താളി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല

ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട് ജില്ല

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള. തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ